**ദക്ഷിണാഫ്രിക്കയിലേക്കുള്ള സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രി പുറപ്പെടുവിച്ച പ്രസ്താവന**

നവംബർ 21, 2025

ദക്ഷിണാഫ്രിക്കയുടെ പ്രസിഡൻസിക്ക് കീഴിൽ ജോഹന്നാസ്ബർഗിൽ നടക്കുന്ന 20-ാമത് G20 നേതാക്കളുടെ ഉച്ചകോടിയിൽ പങ്കെടുക്കാൻ ശ്രീ. സിറിൽ റാമഫോസയുടെ ക്ഷണപ്രകാരം 2025 നവംബർ 21 മുതൽ 23 വരെ ഞാൻ ദക്ഷിണാഫ്രിക്കയിലേക്ക് പുറപ്പെടുകയാണ്.

ആഫ്രിക്കയിൽ നടക്കുന്ന ആദ്യ G20 ഉച്ചകോടി എന്ന നിലയിൽ ഇത് വളരെ പ്രത്യേകതയുള്ള ഉച്ചകോടിയായിരിക്കും. ഇന്ത്യയുടെ G20 പ്രസിഡൻസി കാലയളവിൽ 2023 ൽ ആഫ്രിക്കൻ യൂണിയൻ G20 ലെ അംഗമായി മാറിയിരുന്നു.

പ്രധാന ആഗോള പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള ഒരു അവസരമായിരിക്കും ഈ ഉച്ചകോടി. ഈ വർഷത്തെ G20 യുടെ പ്രമേയം 'ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത' എന്നതാണ്. ഇന്ത്യയിലെ ന്യൂഡൽഹിയിലും ബ്രസീലിലെ റിയോ ഡി ജനീറോയിലും നടന്ന മുൻ ഉച്ചകോടികളുടെ ഫലങ്ങളെ അടിസ്ഥാനമാക്കിയാണ് ദക്ഷിണാഫ്രിക്ക ഈ ആശയം മുന്നോട്ടുവച്ചത്. 'വസുധൈവ കുടുംബകം', 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്ന ദർശനത്തിന് അനുസൃതമായി ഉച്ചകോടിയിൽ ഇന്ത്യയുടെ കാഴ്ചപ്പാട് ഞാൻ അവതരിപ്പിക്കും

പങ്കാളി രാജ്യങ്ങളിലെ നേതാക്കളുമായി ചർച്ചകൾ നടത്തുന്നതിനും ഉച്ചകോടിയുടെ ഭാഗമായി നടക്കുന്ന 6-ാമത് IBSA ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനും ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

സന്ദർശന വേളയിൽ, ഇന്ത്യയ്ക്ക് പുറത്തുള്ള ഏറ്റവും വലിയ പ്രവാസി സമൂഹങ്ങളിൽ ഒന്നായ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായി സംവദിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

**ന്യൂഡൽഹി**

**നവംബർ 21, 2025**